## മഹാത്മാഗന്ധി ഗവ: എച്ച്.എസ്സ്.എസ്സ് പാല

### ഡിജിറ്റൽ മാഗസിൻ

# അക്ഷരചെപ്പ്



# MAHATMA GANDHI GOVT. HSS

# ആമുഖം

പാല പട്ടണത്തിലും സമീപ ഗ്രാമങ്ങളിലും അറിവിന്റെ അക്ഷയ പ്രഭ ചൊരിയുന്ന അക്ഷര ദീപമാണ് നമ്മുടെ വിദ്യലയം.മഹാത്മാഗന്ധിയുടെ ജനനം കൊണ്ട് ലോകം അനുഗ്രഹിക്കപ്പെട്ട 1869 ൽ സ്ഥാപിതമായ ഈ വിദ്യലയത്തിലെ ലിറ്റിൽകൈറ്റ്സ് ക്ലബ് സവിനയം സമർ പ്പിക്കുന്ന ഈ അക്ഷരച്ചെപ്പ്




# രമണി വി. ജി

മഹാത്മാഗാന്ധി ഗവ: എച്ച്.എസ്സ്.എസ്സ് പാല

# ഒരു സ്കൂൾ കൗൺസിലറുടെ അനുഭവക്കുറിപ്പ്

**സജിത എസ്**

**സ്കൂൾ കൗൺസിലർ**

10 വർഷം മുൻപ് ഒരു സ്വകാര്യ ആശുപത്രിയിൽ സൈക്കോളജിസ്റ്റ് ആയി ജോലി നോക്കുന്ന സമയത്താണ് എനിക്ക് ഗവൺമെന്റ് സ്കൂളിൽ കൗൺസിലർ ആയി ജോലിക്കുള്ള ഓർഡർ ലഭിക്കുന്നത്. ഹോസ്പിറ്റലിൽ വിവിധതരം കേസുകൾ കൈകാര്യം ചെയ്തിരുന്ന എനിക്ക് സ്കൂളിലെ ജോലി ബോറിംഗ് ആയിരിക്കുമെന്ന് എന്റെ സീനിയറായ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് പറഞ്ഞു. എങ്കിലും കുട്ടികളെ ഏറെ ഇഷ്ടപ്പെട്ടിരുന്ന ഞാൻ ഈ ജോലിയിൽ പ്രവേശിക്കാൻ തന്നെ തീരുമാനിച്ചു. ഇപ്പോൾ കുട്ടികളോടൊപ്പമുള്ള സ്കൂൾ ജീവിതം 10 വർഷം പിന്നിടുന്നു. ആദ്യമൊക്കെ കൗൺസിലിങ് എന്ന ആശയം കുട്ടികളിലെത്തിക്കാൻ വളരെ പാടുപെട്ടു. എന്നാൽ തുടർച്ചയായുള്ള ബോധവൽക്കരണ ക്ലാസുകളും സഹാദ്ധ്യാപകരുടെ പിൻതുണയും എനിക്ക് കരുത്തേകി. അങ്ങനെ കൗമാരക്കാരുടെ മാനസിക സംഘർഷങ്ങൾ അറിയാനും അവർക്ക് ആശ്വാസം പകരാനും എനിക്ക് സാധിച്ചു.

കുട്ടികളുടെ മിക്കപ്രശ്നങ്ങളുടെയും ഉറവിടം കുടുംബ പശ്ചാത്തലമാണ്. അതുകൊണ്ടുതന്നെ കിട്ടികളുടെ കൗൺസിലിങ്ങിനൊപ്പം ഫാമിലി കൗൺ സിലിങ്ങും ആരംഭിച്ചു. പലപ്പോഴും പിതാക്കൾ കൗൺസിലിങ്ങിനോട് സഹകരിക്കാറില്ല എന്നതാണ് ഖേദകരം. മിക്ക ആൺകുട്ടികളുടെയും പ്രധാന പ്രശ്നം ലഹരിവസ്തുക്കളോടുള്ള ആസക്തിയോ pornography videos / pictures

നോടുള്ള ആസക്തിയോ ആണ്. എന്നാൽ മിക്കവാറും ലഹരി ഉപയോഗിക്കുന്ന കുട്ടികൾ അത് തുടങ്ങുന്നത് വീട്ടിൽ നിന്ന് തന്നെയാണ്.

## ഗ്രന്ഥം : ഗ്രേറ്റ് എക്സ്പറ്റേഷൻസ് (വലിയ പ്രതീക്ഷകൾ)
## ഗ്രന്ഥകർത്താവ് : ചാൾസ് ഡിക്കൻസ്
## സാഹിത്യരൂപം : കഥ

**അശ്വതി എം.എസ്**
**Std 8 ബി**

**<u>പുസ്തകത്തെക്കുറിച്ച്</u>**

സ്വന്തം ജീവിതം കഥകളിലൂടെ അവതരിപ്പിച്ച ചാൾസ് ഡിക്കൻസാണ് ഗ്രേറ്റ് എക്സ്പ്പറ്റേഷൻസ് എന്ന കൃതി രചിച്ചത്. പിപ്പ് എന്ന അമ്മയും അച്ഛനമില്ലാത്ത കുട്ടിയിലൂടെയാണ് തന്റെ കഥാപാത്രത്തെ കഥാകൃത്ത് അവതരിപ്പിച്ചിരിക്കുന്നത്. എച്ച് & സി പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ പുസ്തകം മലയാളത്തിലേക്ക് വിവർത്തനം ചെയ്തത് കനകരാഘവൻ ആണ്.

ഗ്രന്ഥകർത്താവിനെ കുറിച്ച് : ചാൾസ് ഡിക്കൻസ്

1812 ഫെബ്രുവരി 12 നാണ് ചാൾസ് ഡിക്കൻസ് ഇംഗ്ലണ്ടിൽ ജനിച്ചത്. കടക്കെണിയിൽ പെട്ട് അച്ഛൻ ജയിലിൽ ആയതോടെ വിദ്യാഭ്യാസം നിർത്തി നന്നേ ചെറുപ്പത്തിൽ തന്നെ ഫാക്ടറിയിൽ ജോലിക്ക് പോകാൻ നിർബന്ധിതനായി. പ്രാഥമിക വിദ്യാഭ്യാസം മാത്രം ഉണ്ടായിരുന്ന ഡിക്കൻസ് യഥാർത്ഥമായ അനുഭവചിത്രീകരണങ്ങളിലൂടെ അതിവേഗം ലോകപ്രശസ്ത ഇംഗ്ലീഷ് നോവലിസ്റ്റായി വളർന്നു.

ഡിക്കൻസിന്റെ പ്രസസ്ത നോവലുകളിലൊന്നായ ഗ്രേറ്റ് എക്സ്പറ്റേഷന്റെ ലളിതമായ സംഗ്രഹീത പുനരാഖ്യാനമാണ ഈ പുസ്തകം. ഒളിവർ ട്വിസ്റ്റ്, പിക് വിക് പേപ്പേസ് ക്രിസ്തുമസ് കരോൾ ഡേവിഡ് കോപ്പർ ഫീൽഡ്,ടെയിൽ ഓഫ് ടൂഡിറ്റീസ് മുതലായവ അദ്ദേഹത്തിന്റെ പ്രമുക കൃതികളിൽ ചിലതാണ്. 1870 ജൂൺ 19 ന് അന്തരിച്ചു.

**സംഗ്രഹം**

പിപ്പ്. മാതാപിതാക്കളുടെ സ്നേഹം അറിയാൻ കഴിയാത്ത ഒരു കൊച്ചു ബാലൻ. പിപ്പിന്റെ ചെറുപ്പത്തിൽ തന്നെ പാതി വരച്ചിട്ട വർണ്ണ ഭംഗിയാർന്ന ചിത്രം പോലെ അവന്റെ അച്ഛനും അമ്മയും ലോകത്തോട് വിടപറഞ്ഞു. സഹോദരിയും ഭർത്താവും ജോയും അവനെ വളർത്തി. ജോ ഒരു കൊല്ലനായിരുന്നു. ഒരിക്കൽ പിപ്പ് തന്റെ അച്ഛനെയും അമ്മയെയും അടക്കിയിരുന്നിടത്ത് ചെന്നപ്പോൾ ഒരുകുറ്റവാളിയെ കണ്ടു. തനിക്ക് ഭക്ഷണം വേണമെന്ന് പിപ്പിനോട് അയാൾ പറഞ്ഞു. പിപ്പ് വീട്ടിൽ നിന്ന് ഭക്ഷണം മോഷ്ടിച്ചു കൊണ്ട് വന്നു. അന്ന് ക്രിസ്മസ് ആയിരുന്നതിനാല് ആഘോഷങ്ങൾക്കായി വരുന്ന വിരുന്നു കാർക്കുള്ള ഭക്ഷണമായിരുന്നു അത്. പിപ്പിന്റെ വീട്ടിൽ ഒരു സംഘം പോലീസ് വന്ന് വിലങ്ങ് ശരിയാക്കിക്കൊടുക്കാൻ ശേഷം കുറ്റവാളിയെ പിടിക്കുന്നത് കാണാൻ ജോയും പിപ്പും പോയിരുന്നു. രണ്ടു കുറ്റവാളികൾ അടി കൂടുകയായിരുന്നു. അവരെ അറസ്റ്റ് ചെയ്തു. നാളുകൾ കൊഴിഞ്ഞു.

പിപ്പ് സന്തോഷവാനായി ജീവിച്ചു. പഠനം ഒരത്യാവശ്യ കാര്യമായി ആർക്കും തോന്നിയില്ല. ഒരിക്കൽ അവരുടെ അമ്മാവൻ പമ്പിൾ ചുക്ക് അവരുടെ വീട്ടിൽ വന്നു. പിപ്പിനെ പണക്കാരിയായ ഹാവിഷാമിന്റെ വീട്ടിൽ അയയ്ക്കണം. അപ്പോൾ അവനും പണക്കാരനാകും. ചേച്ചി അവനെ ഒരുക്കി. അമ്മാവന്റെ കൂടെ അയച്ചു. സുന്ദരിയായ ഒരു പെൺകുട്ടിയാണ് അവനെ അവിടെ സ്വീകരിച്ചത്. ഒരു അഹങ്കാരി. അവൾ അവനെ കളിയാക്കി. എട്ട് മാസം കഴിഞ്ഞപ്പോൾ പിപ്പ് ജോയുടെ അടുത്ത് പോയി. പക്ഷേ വീണ്ടും തിരിച്ചു വന്നപ്പോൾ എസ്റ്റല്ല എന്ന ആ പെൺകുട്ടി ലണ്ടനിലേക്ക് പോയിരുന്നു. തിരികെ വീട്ടിലെത്തിയപ്പോൾ അറിഞ്ഞത് ചേച്ചിയെ ആരോ ആക്രമിച്ചിരിക്കുന്നു. നടക്കാൻ ഇനി കഴിയില്ല.

ബിഡ്ഡി എന്നൊരു പെണകുട്ടി അവളെ പരിചരിക്കാൻ വന്നു. ഒരിക്കൽ ജാഗ്ഗേഴ്സ് എന്നൊരാൾ വന്ന് തന്റെ കക്ഷി അയാളുടെ സ്വത്ത് പിപ്പിന്റെ പേർക്കാക്കി പകരം അവനെ ലണ്ടനിലേക്കയയ്ക്കണം. അവൻ ലണ്ടനിൽ പോയി. ലണ്ടനിലെ മര്യാദകളെക്കുറിച്ച്

പഠിപ്പിക്കാൻ അവന് ഹോർബർട്ട് എന്നൊരു കൂട്ടുകാരനെ കിട്ടി. ഒരിക്കൽ ജോ പിപ്പിനെ കാണാൻ അവിടെ വന്നു. ജോ പിപ്പിന് നാണക്കേടാവുന്ന രീതിയിലീയിരുന്നു പെരുമാറിയത്. അതിലവന് കുറ്റബോധവും തോന്നി.

പിപ്പിന് 21 വയസ്സായപ്പോൾ ജാഗ്ഗേഴ്സ് കൊടുക്കാമെന്നേറ്റ പണം കൊടുത്തു. അവൻ ഹെർബർട്ടിന് ഒരു ജോലി വാങ്ങിക്കൊടുത്തു. എസ്റ്റല്ല പണം മോഹിച്ച് ഡ്രൂമെല്ലിൻ എന്നൊരാളെ വിവാഹം കഴിച്ചു. പിപ്പ് പണ്ട് സഹായം ചെയ്ത മാഗ്വിച്ച് എന്ന കുറ്റവാളിയെ അവൻ കണ്ടു. അയാളെ മറ്റൊരിടത്തേക്ക് മാറ്റി. പക്ഷേ പോലീസ് പിടികൂടി. മാഗ്വിച്ചും ശത്രു കോംപിസണ്ണും തമ്മിലുള്ള വഴക്കിൽ കോംപിസൺ കൊല്ലപ്പെട്ടു. മാഗ്വിച്ചിന് കോടതി ശിക്ഷ വിധിച്ചു. എസ്റ്റല്ല മാഗ്വിച്ചിന്റെ മകളാണോ എന്ന് പിപ്പ് ചോദിച്ചു. പക്ഷേ കുറച്ചു നേരം കഴിഞ്ഞപ്പോൾ അസ്വസ്ഥനായി ബോധം നഷ്ടപ്പെട്ട പിപ്പ് കണ്ണു തുറന്നപ്പോൾ ജോ നിൽക്കുന്നു. ജോ തിരിച്ച് മടങ്ങി. വൈകാതെ പിപ്പും. ജോയുടെയും ബിഡ്ഡിയുടെയും കല്യാണം നടന്നു. പിന്നെ പിപ്പ് അവിടെ നിന്നില്ല.

ഏറെക്കാലങ്ങൾക്കു ശേഷം പിപ്പ് തിരിച്ച് നാട്ടിൽ വന്നു. അപ്പോൾ ജോയുടെ മകൻ കൊച്ചു പിപ്പ് അവിടെ ഉണ്ടായിരുന്നു. പിപ്പും കൊച്ചുപിപ്പും ചങ്ങാതിമാരായി. നാട്ടിൽ വെട്ട് അവൻ എസ്റ്റലയെ കണ്ടു. അവളുടെ ഭർത്താവ് മരിച്ചു. ഇപ്പോൾ വെറും പാവമാണ് അവൾ. അവർ ഒരുമിച്ച് ആ പഴയ ബംഗ്ലാവിലെത്തി. കുറേ നേരം സംസാരിച്ചു. ഒരു പാവം പെൺ കുട്ടി. പണത്തോട് മോഹമില്ലാത്ത പെൺകുട്ടിയായിരുന്നു അപ്പോഴത്തെ എസ്റ്റല്ല.

## ഉപസംഹാരം

ചാൾസ് ഡിക്കൻസ് രചിച്ച ഗ്രേറ്റ് എക്സ്പറ്റേഷൻസ് എന്ന അദ്ദേഹത്തിന്റെ

ജീവിതം പറയുന്ന കൃതി സന്ദേശങ്ങളും നമുക്ക് നൽകുന്നു. സ്നേഹം കൊണ്ട് മാത്രമേ ഉന്നതങ്ങളിലെത്തനാകൂ. പരോപകാരം ചെയ്താൽ പ്രതിഫലവും ഒരിക്കൽ കിട്ടും. മറ്റുള്ളവരെ

സ്നേഹിച്ചാൽ നമ്മളിലേക്കു തന്നെ ആ സ്നേഹം എത്തും. ഈ കൃതി ആസ്വാദഹൃദയം നിറയ്ക്കാൻ ഉതകുന്നതാണ്

# അമ്പിളിയുടെ മടിത്തട്ടിൽ

## ചന്ദ്രയാൻ 2.0

**രാഹുൽ രാജേഷ്**
**Std 9**

ചോറുണ്ണാൻ മടിയുള്ള കുട്ടികളോട് മാതാപിതാക്കൾ പറയാറുള്ള ഒരു സ്ഥിരം വാചകമുണ്ട് "അമ്പിളി മാമാനെ പിടിച്ചു തരാംചോറുണ്ണു"

എന്ന് അപ്പോഴത്തെ കാര്യസാധ്യത്തിന് വേണ്ടി മാത്രമാണെങ്കിലും ഇത് യാഥർ-ത്യമായെങ്കിലോ എന്ന് നാം ഏവരും ചിന്തിച്ചിട്ടുണ്ടാവാം

പൂർണ്ണമായും ഇത് ശരിയല്ലെങ്കിലും ഭാഗികമായി ഇത് നാം യാഥാർഥ്യമാക്കി ക്കഴിഞ്ഞിരിക്കുന്നു. I. S. R. O, ഇന്ത്യയുടെ ബഹിരാകാശ പര്യവേഷണ ഏജൻസി.ബഹിരാകാശ ഗവേഷണ രംഗത്ത് ഭാരതത്തിന്റെ തലയെടുപ്പ് ഉയർ ത്തി നിർത്തുന്ന ഒരു പറ്റം ഗവേഷകരുടെ കൂട്ടായ്മയാണിത്.

മനുഷ്യൻ ചന്ദ്രനിൽ ചുവടുവെച്ചതിന്റെ അൻപതാം പിറന്നാൾ ആഘോഷിക്കുന്ന വേളയിൽ ചാന്ദ്രയാൻ രണ്ടാമൂഴവുമായി സുവർണ്ണക്കുതിപ്പ് നടത്തിയിരിക്കുകയാണ് ഇന്ത്യ. ജൂലൈ 22 ന് ചാന്ദ്രയാൻ പേടകത്തെയും വഹിച്ചു കൊണ്ട് I. S. R. O യുടെ ജി. എസ്. എൽ. വി. മാർക്ക് ത്രീ റോക്കറ്റ്

ശ്രീഹരിക്കോട്ടയിൽ നിന്ന് കുതിച്ചുയർന്നത് ഒരു പിടി ചരിത്ര നേട്ടങ്ങൾ ലക്ഷ്യമിട്ടാണ്.

കോടിക്കണക്കിന് രൂപ ചെലവഴിച്ച് ഇന്ത്യ ചാന്ദ്രയാൻ പോലെയുള്ള ബഹിരാകാശ ദൗത്യങ്ങൾ നടത്തുന്നത് എന്തിനാണെന്ന സംശയം ഇപ്പോഴും പലരുടെയും മനസ്സിലുണ്ടാകും. ബഹിരാകാശ ഗവേഷണത്തിലൂടെ രാഷ്ട്ര പുരോഗതി എന്ന വിക്രം സാരാഭായിയുടെ മുദ്രാവാക്യമാണ് ഇക്കാര്യത്തിൽ I. S. R. O യുടെ വഴി കാട്ടി. മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് വളരെ തുച്ഛമായ ചിലവിലാണ് ഇന്ത്യയുടെ ബഹിരാകാശ ദൗത്യങ്ങൾ


ചാന്ദ്രയാൻ 2 ന് മുമ്പ് ഇന്ത്യ ചാന്ദ്രയാൻ 1 വിക്ഷേപിച്ചിരുന്നു. കൃത്യമായി പറഞ്ഞാൽ 2008 ഒക്ടോബർ 22 ന് ചാന്ദ്രയാൻ 1 ഭൂമിയിൽ നിന്ന് ഇന്ത്യയുടെ ബഹിരാകാശ സ്വപ്നങ്ങളെയും പ്രതീക്ഷകളെയും കൊണ്ട് പറന്നുയർന്നത്. പി. എസ്. എൽ. വി 11 എന്ന റോക്കറ്റിന്റെ സഹായത്തോടെ ഭാരതത്തിന്റെ ആദ്യ ചാന്ദ്ര ദൗത്യം വിജയക്കൊടി പാറിച്ചു.

ചാന്ദ്രയാൻ 1 ന് ശേഷം നടത്തിയ ചാന്ദ്രയാൻ 2 വിക്ഷേപണം വിജയകരമായതോടെ ഭാരതം ബഹിരാകാശ ഗവേഷണ രംഗത്ത് മികവ് തെളിയിച്ചു കഴിഞ്ഞിരിക്കുന്നു. ഓർബിറ്റർ, ലാൻഡർ, റോവർ എന്നിങ്ങനെ മൂന്ന് ഭാഗങ്ങളാണ് ചാന്ദ്രയാൻ 2 നുള്ളത്. ഇതിലെ ലാൻഡര് വിക്രമെന്നും റോവർ

പ്രഗ്യാനെന്നും അറിയപ്പെടുന്നു. ചാന്ദ്രയാൻ 2 പ്രോജക്ട് ഡയറക്ടറും മിഷൻ ഡയറക്ടറുംവനിതകളാണെന്നുള്ള പ്രത്യേകതയും ഇതിനുണ്ട്. പ്രോജക്ട് ഡയറക്ടർ മുത്തയ്യ വനിതയും മിഷൻ ഡയറക്ടർ ഋതു കരിധാലും ഇന്ത്യയുടെ ബഹിരാകാശ പ്രതീക്ഷകളാണ്.

ജി . എസ് . എൽ . വി മാർക്ക് 3 റോക്കറ്റിന്റെ സഹായത്താൽ ചന്ദ്രനിലെ ദക്ഷിണ ധ്രുവത്തിൽ മാൻസിനസ് സി, സിംപേലിയസ് എൻ എന്നീ ഗർത്തങ്ങൾക്കിടയിലാണ് ചാന്ദ്രയാൻ ആദ്യ സോഫ്റ്റ് ലാന്റിങ് നടത്താൻ പോകുന്നത് . യു . എസ് . എ. , റഷ്യ , ചൈന എന്നീ രാജ്യങ്ങൾക്ക് ശേഷം സോഫ്റ്റ് ലാന്റിംഗ് നടത്താൻ ഒരുങ്ങുന്ന രാജ്യമാണ് ഇന്ത്യ . ഈ സോഫ്റ്റ് ലാൻഡിംഗ് വിജയകരമായാൽ ചന്ദ്രന്റെ പല രഹസ്യങ്ങളും നമുക്ക് മുന്നിൽ തുറന്ന് ലഭിക്കും. അതു കൊണ്ട് ഈ ദൗത്യം വിജയകരമായി പര്യവസാനിക്കാൻ നമുക്കേവർക്കും പ്രാർത്ഥിക്കാം .

# നമ്മുടെ കുഞ്ഞ്താരങ്ങൾ











































MAHATMA GANDHI GOVT. H S S
Congratulations
SUB DISTRICT KALOLSAVAM
IT QUIZ, MALAYALAM RECITATION
FIRST A GRADE
SREEPOURNAMI G NAMPOOTHIRI


MAHATMA GANDHI GOVT. H S S
Congratulations
SUB DISTRICT KALOLSAVAM
MATHS SEMINAR : FIRST A GRADE
SCIENCE QUIZ : SECOND A GRADE
SREENANDAN G NAMPOOTHIRI


MAHATMA GANDHI GOVT. H S S
Congratulations
SUB DISTRICT SASTHROLSAVAM
SOCIAL SCIENCE STILL MODEL
A GRADE
SREEDEVI ABHILASH


MAHATMA GANDHI GOVT. H S S
Congratulations
SUB DISTRICT SASTHROLSAVAM
SOCIAL SCIENCE STILL MODEL
A GRADE
SACHIN SANTHOSH


MAHATMA GANDHI GOVT. H S S
Congratulations
DISTRICT SASTHROLSAVAM
MATHS SEMINAR
A GRADE
RAHUL RAJESH


MAHATMA GANDHI GOVT. H S S
Congratulations
SUB DISTRICT SASTHROLSAVAM
SOCIAL SCIENCE STILL MODEL
A GRADE
JASITHA JAMES